وزارة الشؤون الإسلامية والدعوة والإرشاد
Ministry of Islamic Affairs, Dawah and Guidance

# مناسك الحج والعمرة

# ഹജ്ജ്, ഉംറ
## അനുഷ്ഠാന കർമ്മങ്ങൾ



كتبه معالي الشيخ الدكتور
عبد اللطيف بن عبد العزيز بن عبد الرحمن آل الشيخ

മലയാളം - مليباري

Second Edition 1445 H

# مناسك الحج والعمرة

# ഹജ്ജിന്റെയും ഉംറയുടെയും അനുഷ്ഠാന കർമ്മങ്ങൾ


രചന:

ശൈഖ് ഡോ: അബ്ദുല്ലത്വീഫ് ബിൻ അബ്ദുൽ അസീസ് ബിൻ അബ്ദുറഹ്മാൻ ആലുശൈഖ്

ഇസ്ലാമിക മതകാര്യവകുപ്പ് മന്ത്രി.



Second Edition

بسم الله الرحمن الرحيم

# ഹജ്ജിന്റെയും ഉംറയുടെയും അനുഷ്ഠാന കർമ്മങ്ങൾ

## ആമുഖം

ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു സർവസ്തുതിയും. "ഹജ്ജ് കർമങ്ങൾ നിങ്ങൾ എന്നിൽ നിന്നും സ്വീകരിക്കുവിൻ" എന്ന് അറിയിച്ച അന്തിമപ്രവാചകൻ മുഹമ്മദ് ﷺ യുടെ മേൽ അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ.

ഹജ്ജിന്റെയും ഉംറയുടെയും രൂപം ഖുർആനിന്റെയും അല്ലാഹുവിന്റെ തിരുദൂതരുടെ ﷺ സുന്നത്തിന്റെയും അടിസ്ഥാനത്തിൽ വായനക്കാർക്ക് എളുപ്പത്തിൽ പഠിക്കുന്നതിനും, ഹജ്ജ് ഉംറാ കർമ്മങ്ങൾ അനായാസത്തോടെയും ആശ്വാസത്തോടെയും, ഏറ്റവും ഉചിതമായ രീതിയിൽ അതിന്റെ പരിപൂർണ്ണതയോടെ പൂർത്തീകരിക്കുവാൻ സഹായിക്കുന്നതിനായി വളരെ സംക്ഷിപ്തമാക്കി, കൃത്യതയോടെ തയ്യാറാക്കിയ ഒരു ചെറുകൃതിയാണിത്. തിരുദൂതർ ﷺ പറയുന്നു: "സ്വീകാര്യ യോഗ്യമായ ഹജ്ജിന്റെ പ്രതിഫലം സ്വർഗ്ഗമല്ലാതെ മറ്റൊന്നുമല്ല".

ഹജ്ജ് ഉംറ തീർത്ഥാടകരും സന്ദർശകരുമായ എന്റെ സഹോദരന്മാർക്ക് ഈ കൃതിയിൽ നിന്നും എല്ലാവിധ പ്രയോജനവും ഉണ്ടാകട്ടെയെന്നും, നമ്മിൽ നിന്നും അവരിൽ നിന്നും എല്ലാവിധ സദ്കർമ്മങ്ങളും സ്വീകരിക്കട്ടെ എന്നും അല്ലാഹുവിനോട് തേടുന്നു.

രചന:
ശൈഖ് ഡോ: അബ്ദുല്ലത്വീഫ് ബിൻ അബ്ദുൽ അസീസ് ബിൻ അബ്ദുറഹ്മാൻ ആലുശൈഖ്
ഇസ്ലാമിക മതകാര്യവകുപ്പ് മന്ത്രി.

# ഹജ്ജിന്റെയും ഉംറയുടെയും അനുഷ്ഠാന കർമ്മങ്ങൾ

ഇസ്ലാമിന്റെ അടിസ്ഥാനമായ അഞ്ചു കാര്യങ്ങളിൽ (റുക്നുകളിൽ) ഒന്നാണ് ഹജ്ജ്. അല്ലാഹു പറയുന്നു:

﴿ وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ﴾ [آل عمران ٩٧].

[ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു]. (ആലു ഇംറാൻ 97 : 3)

നബി ﷺ പറയുന്നു:

«بُنِيَ الْإِسْلَامُ عَلَى خَمْسٍ، شَهَادَةِ أَنْ لاَ إِلَهَ إِلَّا اللهُ وَأَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ، وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ، وَحَجِّ الْبَيْتِ، وَصَوْمِ رَمَضَانَ». [البخاري (٨) ومسلم (١٦)].

(ഇസ്ലാം സ്ഥാപിക്കപ്പെട്ടിട്ടുള്ളത് അഞ്ചുകാര്യങ്ങളിലാണ്, ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്നും മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ പ്രവാചകനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം നിലനിർത്തൽ, സകാത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ). (ബുഖാരി: 8, മുസ്ലിം: 16).

ഹജ്ജ് നിർവഹിക്കുവാൻ കഴിവുള്ള ഏതൊരാളും ജീവിതത്തിൽ ഒരിക്കലെങ്കിലും അത് അനുഷ്ഠിക്കൽ നിർബന്ധമാണെന്നത് പണ്ഡിതന്മാർക്ക് (ഇജ്മാഅ്) ഏകാഭിപ്രായമാണ്.

# ഹജ്ജിന്റെ
# ലക്ഷ്യവും, യുക്തിയും.

**തൗഹീദ്** - അല്ലാഹുവിനെ ഏകനാക്കുക എന്നതാണ് ഹജ്ജ് കൊണ്ടുള്ള ഏറ്റവും മുഖ്യമായ ലക്ഷ്യം. അല്ലാഹു പറയുന്നു:

﴿ وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾ ﴾ [الحج ٢٦].

[ ഇബ്രാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തികൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർത്ഥി-ക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു.)] (അൽ ഹജ്ജ് 26 : 22)

لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ

"അല്ലാഹുവേ, നിന്റെ വിളിക്ക് ഞാനിതാ വീണ്ടും വീണ്ടും ഉത്തരമേകുന്നു. ഞാനിതാ നിന്റെ വിളിക്കുത്തരം ചെയ്തിരിക്കുന്നു. നിനക്ക് ഒരു പങ്കുകാരനുമില്ല. നിന്റെ വിളിക്ക് ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതിയും അനുഗ്രഹങ്ങളും ആധിപത്യവുമൊക്കെ നിനക്കാണ്. നിനക്കൊരു പങ്കുകാരനുമില്ല."

**അല്ലാഹുവിന്റെ മതചിഹ്നങ്ങളെയും മതവിധികളെയും ആദരിക്കൽ** -

﴿ ذَٰلِكَ وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ فَإِنَّهَا مِن تَقْوَى ٱلْقُلُوبِ ﴿٣٢﴾ ﴾ [الحج٣٢].

അല്ലാഹു പറയുന്നു: അത് (നിങ്ങൾ ഗ്രഹിക്കുക) വല്ലവനും

അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ. (അൽ ഹജ്ജ് : 32). അത്കൊണ്ട് തന്നെ, ഈ വിശുദ്ധമാക്കപ്പെട്ട രണ്ടു ഭവനങ്ങളിലും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കൽ എല്ലാ മുസ്ലിമീങ്ങളും  ജാഗ്രത പുലർത്തേണ്ട കാര്യമാണ്. ഈ നിർഭയത്വനാടിനെ ആൾക്കൂട്ടങ്ങൾ സൃഷ്ടിക്കുവാനും പ്രകടനം നടത്തുവാനുമുള്ള സ്ഥലങ്ങളാക്കുക, നേതാക്കന്മാരുടെയും സംഘടനകളുടെയും ചിത്രങ്ങളും ചിഹ്നങ്ങളും ബാനറുകളും ഉയർത്തുവാനുള്ള ഇടങ്ങളാക്കുക എന്നതൊരിക്കലും അനുവദനീയമാകുകയില്ല.

അല്ലാഹുവിനുള്ള സമർപ്പണം നിഷ്കളങ്കമാകുക, അല്ലാഹു സുബ്ഹാനഹു തആലയിലേക്ക് ആശ്രിതമാകുക, മുസ്ലിം ഐക്യം മുസ്ലിം അണികളുടെ ഏകീകരണം എന്നിവ ഹജ്ജിന്റെ ഏറ്റവും മഹനീയ ലക്ഷ്യത്തിലും യുക്തിയിലും പെട്ടതാണ്.

## ഹജ്ജിന്റെ റുക്നുകൾ

1. ഇഹ്റാം, അഥവാ ഹജ്ജിൽ പ്രവേശിക്കുന്നു എന്ന നിയ്യത്
2. അറഫയിൽ നിൽക്കൽ
3. ത്വവാഫുൽ ഇഫാദ
4. സ്വഫാ മർവാക്കിടയിലെ ഹജ്ജിന്റെ സഅ്യ്

## ഹജ്ജിന്റെ വാജിബുകൾ:

1. മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ.

2. ദുൽഹിജ്ജ 9 ന് സൂര്യാസ്തമയം വരെ അറഫയിൽ ചിലവഴിക്കൽ. കാരണം നബി ﷺ സൂര്യാസ്തമയം വരെയാണ് അവിടെ ചെലവഴിച്ചിരുന്നത്. എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്തു. (خُذُوا عَنِّي مَنَاسِكَكُمْ) "നിങ്ങളുടെ ഹജ്ജ് കർമങ്ങൾ എന്നിൽ നിന്ന് സ്വീകരിക്കുവീൻ." (മുസ്‌ലിം 1297).

3. ബലിപെരുന്നാൾ രാവിൽ മുസ്ദലിഫയിൽ രാപാർക്കൽ.

4. ജംറകളിൽ കല്ലെറിയൽ.

5. തല മുണ്ഡനം ചെയ്യുകയോ മുടി മുറിക്കുകയോ ചെയ്യൽ.

6. അയ്യാമുത്തശ്‌രീഖിന്റെ രാവുകളിൽ മിനായിൽ രാപ്പാർക്കൽ.

## തീർത്ഥാടകർ ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുമ്പ് അനിവാര്യമായി സ്വീകരിക്കേണ്ട കാര്യങ്ങൾ:

1. ആരാധനകളെല്ലാം നിഷ്കളങ്കമായി അല്ലാഹുവിന് മാത്രം സമർപ്പിക്കുക. അല്ലാഹു പറയുന്നു: ﴿وَأَتِمُّوا الْحَجَّ وَالْعُمْرَةَ لِلَّهِ﴾ [البقرة ١٩٦] [നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറഃയും പൂർണ്ണമായി നിർവഹിക്കുക]. (അൽ ബഖറഃ 2 : 196).

2. അല്ലാഹുവിലേക്ക് പശ്ചാതപിച്ച് മടങ്ങുക. അല്ലാഹു പറയുന്നു: ﴿وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ﴾ [النور ٣١] [സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക്

ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം]. (അന്നൂർ 24:31).

അല്ലാഹുവിന്റെ പ്രവാചകൻ ﷺ പറഞ്ഞു:

(يَا أَيُّهَا النَّاسُ، تُوبُوا إِلَى اللهِ، فَإِنِّي أَتُوبُ فِي الْيَوْمِ إِلَيْهِ مِائَةَ مَرَّةٍ)؛ (مسلم : ٢٧٠٢).

(ജനങ്ങളേ! നിങ്ങൾ അല്ലാഹുവിങ്കലേക്ക് തൗബ ചെയ്ത് മടങ്ങുക. നിശ്ചയമായും ഞാൻ ദിവസവും നൂറു പ്രാവശ്യം അവനിലേക്ക് തൗബ ചെയ്യുന്നു). (മുസ്ലിം)

3. സൗകര്യപൂർവവും സുഖപ്രദവുമായി സമ്പൂർണമായ നിലക്ക് ഹജ്ജ് കർമ്മങ്ങൾ നിർവഹിക്കുവാൻ തരപ്പെടുന്നതിന്നു ഹജ്ജ് ഗ്രൂപുകളിൽ ചേരുക, പ്രത്യേകം വകുപ്പുകളിൽ നിന്ന് അനിവാര്യമായ ഹജ്ജിനുള്ള അനുമതി (തസ്‌രീഹ്) എടുക്കുവാൻ തത്പരരാകുക.

4. സച്ചരിതരായ കൂട്ടാളികളെ തിരഞ്ഞെടുക്കുക

قال رسول الله ﷺ: «الرَّجُلُ عَلى دِينِ خَلِيلِهِ، فَلْيَنْظُرْ أَحَدُكُمْ مَنْ يُخَالِلُ». [حديث حسن؛ رواه أبو داود والترمذي وأحمد].

അല്ലാഹുവിന്റെ പ്രവാചകൻ ﷺ പറഞ്ഞു: "ഒരു മനുഷ്യൻ അവന്റെ കൂട്ടുകാരന്റെ ദീനിലായിരിക്കും. അതുകൊണ്ട് ആരുമായാണ് കൂട്ടുകൂടേണ്ടത് എന്ന് അവൻ ചിന്തിച്ചു കൊള്ളട്ടെ". (അബൂ ദാവൂദ്, തിർമിദി, ഇബ്നു മാജ).

5. ഹജ്ജിന്റെയും ഉംറയുടെയും വിധിവിലക്കുകൾ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും പഠിച്ചു മനസ്സിലാക്കുക.

## മീഖാത്തുകൾ

ഹജ്ജിനും ഉംറക്കും ഇഹ്റാമിൽ പ്രവേശിക്കുവാനായി നബി ﷺ നിർണ്ണയിച്ച നിശ്ചിത സ്ഥലങ്ങളാണവ. മീഖാത്തുകൾ അഞ്ചാകുന്നു, അവ:

**1. ദുൽ ഹുലൈഫ (അബ്‌യാർ അലിയ്യ്):** ഇത് മദീനക്കാരുടെയും ദുൽ ഹുലൈഫ വഴി വരുന്ന മറുനാട്ടുകാരുടെയും മീഖാത്താകുന്നു.

**2. ജുഹ്ഫ:** ശാമുകാരുടെയും, ജുഹ്ഫ വഴി വരുന്ന മറുനാട്ടുകാരുടെയും മീഖാതാണിത്. ഇന്ന് ഈ സ്ഥലത്തിന് പകരമായി 'റാബിഗിൽ' നിന്നാണ് ഇഹ്റാമിലേക്ക് പ്രവേശിക്കുന്നത്.

**3. യലംലം:** തിഹാമയിലെ ഒരു മലയാണ് യലംലം, യമൻകാരുടെയും യലംലം വഴി വരുന്ന മറുനാട്ടുകാരുടെയും മീഖാത്താണിത്.

**4. ഖർനുൽ മനാസിൽ:** സൈൽ എന്നും ഇവിടം അറിയപ്പെടുന്നു. ഇത് നജ്ദ്കാരുടെയും ഖർനുൽ മനാസിൽ വഴി വരുന്ന മറുനാട്ടുകാരുടെയും മീഖാത്താണിത്.

**5. ദാതു ഇർഖ്:** ഇറാഖുകാരുടെയും ദാതു ഇർഖ് വഴി വരുന്ന മറുനാട്ടുകാരുടെയും മീഖാത്താണിത്.

ഈ മീഖാത്തുകളെല്ലാം പ്രവാചകൻ ﷺ നിശ്ചയിച്ചു തന്നിട്ടുള്ളതാണ്. എന്നിട്ട് നബി ﷺ ഇപ്രകാരം പറയുകയുണ്ടായി.

(هُنَّ لَهُنَّ، وَلِمَنْ أَتَى عَلَيْهِنَّ مِنْ غَيْرِ أَهْلِهِنَّ، لِمَنْ كَانَ يُرِيدُ الْحَجَّ أَوِ الْعُمْرَةَ)

**(ഈ മീഖാത്തുകൾ ഈ മീഖാത്തിലുള്ളവർക്കും, ഈ നാട്ടുകാരല്ലാത്തവർ ഹജ്ജും ഉംറയും പ്രതീക്ഷിച്ച് അതിലൂടെ കടന്നു വരുമ്പോൾ അവർക്കും ഇഹ്റാമിൽ പ്രവേശിക്കുവാനുള്ളതാണ്).** (ബുഖാരി, മുസ്‌ലിം)

## ഹജ്ജിന്റെ ഇനങ്ങൾ:

മൂന്നു വിധത്തിൽ ഹജ്ജ് ചെയ്യാവുന്നതാണ്: തമത്തുഅ്, ഇഫ്റാദ്, ഖിറാൻ

**തമത്തുഅ്:**

ഹജ്ജ് മാസങ്ങളിൽ 'ലബ്ബൈക്ക ഉംറതൻ' (لبيك عمرة) എന്ന് പറഞ്ഞു ഉംറക്ക് മാത്രമായി ഇഹ്റാമിൽ പ്രവേശിക്കുകയും മക്കയിലെത്തി ത്വവാഫും സഅ്യും മുടിയെടുക്കലും കഴിഞ്ഞു ഇഹ്റാമിൽ നിന്നും വിശ്രമിക്കുക. പിന്നീട് ദുൽഹജ്ജ് 8 യൗമുത്തർവിയയിൽ ഹജ്ജിന് മാത്രമായി ഇഹ്റാമിൽ പ്രവേശിക്കുക. ഹജ്ജ് കർമ്മങ്ങൾ മുഴുവൻ അനുഷ്ഠിക്കുക. തമത്തുആയി ഹജ്ജ് ചെയ്യുന്നവർക്ക് ബലി നിർബന്ധമാകുന്നു.

**ഇഫ്റാദ്:**

ഹജ്ജിനു മാത്രം ഇഹ്റാം ചെയ്യുന്നതിനാണ് ഇഫ്റാദ് എന്ന് പറയുന്നത്. ലബ്ബൈക്ക ഹജ്ജൻ (لبيك حجًّا) എന്ന് പറഞ്ഞു കൊണ്ടാണ് ഇഫ്റാദിൽ പ്രവേശിക്കുന്നത്. മക്കയിൽ എത്തിക്കഴിഞ്ഞാൽ തവാഫുൽ ഖുദൂം നിർവഹിക്കുകയും ഹജ്ജിന്റെ സഇയ് നിർവഹിക്കുകയും ചെയ്ത ശേഷം തന്റെ ഇഹ്റാമിൽ തന്നെ തുടരുക. പെരുന്നാൾ ദിവസം ജംറതുൽ അഖബയിൽ കല്ലെറിയുകയും തല മുണ്ഡനം ചെയ്തതിനും ശേഷമാണ് ഇഹ്റാമിൽ നിന്നും ഒഴിവാകേണ്ടത്. ഇങ്ങനെ ഹജ്ജ് ചെയ്യുന്നവർക്ക് ബലിമൃഗം അറുക്കൽ നിർബന്ധമില്ല.

**ഖിറാൻ:**

ഹജ്ജിനും ഉംറക്കും ഒന്നിച്ച് പ്രവേശിക്കുന്നതിനാണ് ഖിറാൻ എന്ന് പറയുന്നത്. ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ:
(لبيك عمرة وحجًّا) 'ലബ്ബൈക്ക ഉംറതൻ വ ഹജ്ജൻ' എന്ന് പറയുന്നു. ഇങ്ങനെ ഹജ്ജ് ചെയ്യുന്നവർ ഇഫ്റാദായി ചെയ്യുന്നവരെ പോലെ തന്നെയാണ് എല്ലാ കർമ്മങ്ങളും അനുഷ്ഠിക്കേണ്ടത്. എന്നാൽ ഇഹ്റാമിൽ അവർ ഹജ്ജിനും ഉംറക്കും ഒരുമിച്ചു നിയ്യത് വെക്കുന്നു. അത്പോലെ അവർക്ക് ബലിമൃഗത്തെ അറുക്കൽ നിർബന്ധവുമാണ്.

## ഉംറയുടെ രൂപം

ഉംറ നിർവഹിക്കുന്നതിനായി ഒരാൾ ഇഹ്റാമിൽ പ്രവേശിക്കുവാൻ ഉദ്ദേശിച്ചാൽ, അവൻ തന്റെ വസ്ത്രങ്ങൾ മാറ്റുകയും, ജനാബത്തിനെന്ന പോലെ കുളിക്കുകയും, തലയിലും താടിയിലും മറ്റുമൊക്കെ സുഗന്ധം പൂശുകയും ചെയ്യേണ്ടതാണ്.
ഇഹ്റാമിൽ പ്രവേശിക്കുമ്പോഴുള്ള കുളി പുരുഷനും സ്ത്രീക്കും ഒരുപോലെ സുന്നത്താണ്, അത് പ്രോത്സാഹിപ്പിക്കപ്പെട്ടതാണ്. കുളിച്ച് സുഗന്ധം ഉപയോഗിച്ചതിന് ശേഷം ഇഹ്റാമിന്റെ വസ്ത്രങ്ങൾ ധരിക്കുക. എന്നിട്ട് രണ്ടു റക്അത് നിസ്കരിക്കുക. എന്നാൽ അത് ഫർദ് നിസ്കാരത്തിന്റെ സമയമാണെങ്കിൽ അത് നിർവഹിച്ചുകൊള്ളുക. നിസ്കാരത്തിൽ നിന്നും വിരമിച്ചാൽ ഇഹ്റാമിൽ പ്രവേശിക്കുക്കുക. എന്നിട്ട് ഇപ്രകാരം പറയുക: ലബ്ബൈക്ക ഉംറതൻ (لبيك عمرة).
തുടർന്ന് തൽബിയത് ചൊല്ലുക:

لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ

പുരുഷന്മാർ ശബ്ദമുയർത്തിയും സ്ത്രീകൾ അവരുടെ അടുത്തുള്ളവർ കേൾക്കാവുന്നത്ര മാത്രം ഉച്ചത്തിലുമാണ് ചൊല്ലേണ്ടത്. ഇഹ്റാമിൽ പ്രവേശിച്ചവർ തൽബിയത് അധികരിപ്പിക്കൽ അനിവാര്യമാണ്. ഉംറയിൽ ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ ത്വവാഫ് തുടങ്ങും വരെയും, ഹജ്ജിൽ പെരുന്നാൾ ദിവസം ജംറതുൽ അഖബയിൽ കല്ല് എറിയുന്നത് വരെയുമാണ് തൽബിയത് ചൊല്ലേണ്ടത്.

മസ്ജിദുൽ ഹറാമിൽ എത്തിയാൽ വലതുകാൽ വെച്ച് പ്രവേശിക്കുകയും ഇപ്രകാരം ചൊല്ലുക:

( بِسْمِ اللهِ، وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِ اللهِ، اللَّهُمَّ اغفر لي ذنوبي، وافْتَحْ لِي أَبْوَابَ رَحْمَتِكَ. أَعُوذُ بِاللهِ الْعَظِيمِ، وَبِوَجْهِهِ الْكَرِيمِ، وَسُلْطَانِهِ الْقَدِيمِ، مِنْ الشَّيْطَانِ الرَّجِيمِ )

(അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ പ്രവാചകനിൽ സ്വലാത്തും സലാമും ഉണ്ടാകട്ടെ. അല്ലാഹുവേ എന്റെ പാപങ്ങൾ എനിക്കു നീ പൊറുത്തു തരേണമേ. നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് തുറന്നു തരികയും ചെയ്യേണമേ. മഹനീയമായ അല്ലാഹുവിൽ, ആദരണീയമായ അവന്റെ തിരുമുഖത്തിൽ, അനാദിയായ അവന്റെ അധികാരത്തിൽ ശപിക്കപ്പെട്ട ശൈത്വാനിൽ നിന്നും ഞാൻ ശരണം തേടുന്നു).

ശേഷം കഅ്ബയുടെ അടുത്തേക്ക് ഹജറുൽ അസ്‌വദിന്റെ ഭാഗത്തേക്ക് ത്വവാഫ് ഉദ്ദേശിച്ചുകൊണ്ട് നീങ്ങുക. എന്നിട്ട് വലതു കൈകൊണ്ട് ഹജറുൽ അസ്‌വദ് തൊട്ടു ചുംബിക്കുക, അതിനു സാധിക്കാത്തവർ ഹജറുൽ അസ്‌വദിനു നേരെ കൈ കൊണ്ട് ആംഗ്യം കാണിച്ച് (ചുംബിക്കാതെ) بسم الله، الله أكبر

'ബിസ്മില്ലാഹി അല്ലാഹു അക്ബർ' എന്ന് പറയുക.
ഹജറുൽ അസ്‌വദ് തൊട്ടുകൊണ്ട് ഇപ്രകാരം ചൊല്ലുക.

بسم الله والله أكبر، اللهم إيمانًا بك، وتصديقًا بكتابك، ووفاء بعهدك، واتباعًا لسنة نبيك محمد ﷺ

അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവാണ് ഏറ്റവും വലിയവൻ. അല്ലാഹുവേ നിന്നിലുള്ള വിശ്വാസം കൊണ്ടും നിന്റെ ഗ്രന്ഥത്തെ അംഗീകരിച്ചുകൊണ്ടും നിന്നോടുള്ള കരാറിനെ പാലിച്ചുകൊണ്ടും പ്രവാചകൻ മുഹമ്മദ് നബി ﷺ യുടെ സുന്നത്തിനെ പിൻപറ്റിക്കൊണ്ടും (ഈ കർമ്മം ഞാൻ തുടങ്ങുന്നു).

എന്നിട്ട് കഅ്ബയെ ഇടതുവശത്താക്കി തന്റെ വലത്തേ ഭാഗത്ത് തിരിഞ്ഞുകൊണ്ട് ത്വവാഫ് ആരംഭിക്കുക. റുക്നുൽ യമാനി (ഹജറുൽ അസ്‌വദിന്റെ തൊട്ടുമുമ്പുള്ള മൂലയിൽ) എത്തിയാൽ ചുംബിക്കാതെ, കൈകൊണ്ട് തടവുക. ചുംബിക്കേണ്ടതില്ല. അതിനു സാധിക്കാത്തപക്ഷം അവിടെ തിരക്ക് കൂട്ടരുത്.

റുക്നുൽ യമാനിയുടെയും ഹജറുൽ അസ്‌വദിന്റെയുമിടയിൽ ഇപ്രകാരം ചൊല്ലുക:

﴿ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴾

[ഞങ്ങളുടെ റബ്ബേ, ഈ ലോകത്തും പരലോകത്തും ഞങ്ങൾക്ക് നന്മ നൽകേണമേ. നരക ശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്തു രക്ഷിക്കേണമേ].

اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي الدُّنْيَا وَالْآخِرَةِ

(അല്ലാഹുവേ! ഇഹത്തിലും പരത്തിലും മാപ്പും സൗഖ്യജീവിതവും ഞാൻ നിന്നോട് തേടുന്നു).
ഓരോ തവണ ഹജറുൽ അസ്‌വദിന്റെ മുമ്പിലൂടെ നീങ്ങുമ്പോഴും തക്ബീർ ചൊല്ലുക. ബാക്കിയുള്ള സമയം അല്ലാഹുവിലുള്ള ദുആയിലും ദിക്റിലും മുഴുകുക. നിശ്ചയമായും കഅ്ബക്ക് ചുറ്റുമുള്ള ത്വവാഫും, സ്വഫായുടെയും മർവയുടെയും ഇടയിലുള്ള സഅ്‌യും, ജംറയിലുള്ള കല്ലേറും എല്ലാം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവിനെ സ്മരിക്കുവാനത്രെ.

## ത്വവാഫുൽ ഖുദൂമിൽ പുരുഷന്മാർ രണ്ടു കാര്യങ്ങൾ നിർവഹിക്കേണ്ടതാണ്:

**ഒന്ന്:** ഇള്ത്വിബാഅ്; ഇത് ത്വവാഫിന്റെ ആദ്യം മുതൽ അവസാനം വരെ ചെയ്യേണ്ടതാണ്. മേൽ വസ്ത്രത്തിന്റെ നടുഭാഗം വലത് കക്ഷത്തിലൂടെയും, അതിന്റെ രണ്ടു അറ്റവും ഇടത് തോളിലൂടെയും (വലത് ചുമൽ വെളിവാക്കിക്കൊണ്ട്) ധരിക്കുന്നതാണ് ഇതിന്റെ രൂപം. ത്വവാഫിൽ നിന്നും വിരമിച്ചുകഴിഞ്ഞാൽ, മുമ്പത്തെ പോലെ തന്നെ വസ്ത്രം ധരിക്കേണ്ടതാണ്.
**രണ്ട്:** റംല്; ചവിട്ടടികൾ അടുപ്പിച്ചു കൊണ്ട് വേഗത്തിൽ നടക്കുന്നതാണ് റംല്. ആദ്യത്തെ മൂന്നു ചുറ്റലുകളിൽ മാത്രം റംല് ചെയ്യുക.

അങ്ങനെ ഏഴു ചുറ്റലുകൾ കഴിഞ്ഞാൽ മഖാമു ഇബ്റാഹീമിലേക്ക് പോകുകയും അവിടെ വെച്ച് ഇപ്രകാരം പറയുകയും ചെയ്യുക: ﴿وَٱتَّخِذُوا۟ مِن مَّقَامِ إِبْرَٰهِـۧمَ مُصَلًّى﴾
[ഇബ്രാഹീം നിന്ന് പ്രാർത്ഥിച്ച സ്ഥാനത്തെ നിങ്ങളും നിസ്കാര (പ്രാർത്ഥന) വേദിയായി സ്വീകരിക്കുക]. (അൽ ബഖറഃ : 125 ).

തുടർന്ന് അതിന്റെ പിറകിൽ നിന്ന്കൊണ്ട് രണ്ട് റക്അത് നിസ്കരിക്കുക. അതിലെ ഒന്നാമത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തുൽ കാഫിറൂനും ﴿ قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ﴾ രണ്ടാം റക്അത്തിൽ സൂറത്തുൽ ഇഖ്ലാസും ﴿ قُلْ هُوَ ٱللَّهُ أَحَدٌ ﴾ പാരായണം ചെയ്യുക.

ശേഷം സഅ്യിനു വേണ്ടി സ്വഫായുടെ ഭാഗത്തേക്ക് പോകുക. അതിനടുത്തെത്തിയാൽ ഇപ്രകാരം പാരായണം ചെയ്യുക:

﴿إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ﴾

[തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു]. (അൽ ബഖറഃ : 158).

എന്നിട്ട് സ്വഫായുടെ മുകളിലേക്ക് കയറി കഅ്ബയിലേക്ക് തിരിഞ്ഞു കൈകൾ ഉയർത്തി അല്ലാഹുവിനെ സ്തുതിച്ച് അവൻ ഉദ്ദേശിക്കുന്നത് പ്രാർത്ഥിക്കാവുന്നതാണ്. നബി ﷺ അവിടെവെച്ച് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

"لَا إِلَهَ إِلاَّ اللهُ وَحْدَهُ لَا شَرِيْكَ لَهُ، لَهُ الْمُلْكُ ولَهُ الحَمْدُ، وَهُوَ عَلَى كُلِّ شَيءٍ قَدِيرٌ، لَا إِلَهَ إِلاَّ اللهُ وَحْدَهُ، أَنْجَزَ وَعْدَهُ، وَنَصرَ عَبْدَهُ، وهَزَمَ الأَحْزَابَ وَحْدَه"

(ലാ ഇലാഹ ഇല്ലല്ലാഹു, വഹ്ദഹു, ലാ ശരീകലഹു, ലഹുൽ മുൽകു, വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വനസ്വറ അബ്ദഹു, വഹസമൽ അഹ്സാബ വഹ്ദഹു)

"അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. പരമാധികാരം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ (അല്ലാഹു) സർവ്വകാര്യത്തിനും അപരിമിത ശക്തിയും കഴിവുമുള്ളവനാണ്. അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല.

അവൻ (അല്ലാഹു) ഏകനാണ്. അവൻ തന്റെ വാഗ്ദാനം പാലിച്ചു. അവൻ തന്റെ അടിമയെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി".
നബി ﷺ ഈ ദിക്ർ മൂന്നു തവണ ആവർത്തിക്കുകയും അതിനിടയിലെല്ലാം പ്രാർത്ഥിക്കുകയും ചെയ്തു.

ശേഷം, സ്വഫായിൽ നിന്നിറങ്ങി മർവയുടെ ഭാഗത്തേക്ക് നടന്നു നീങ്ങുക. പച്ച അടയാളത്തിലേക്ക് എത്തിയാൽ, സാധ്യമാകുന്നത്ര വേഗത്തിൽ ഓടുക. പച്ച അടയാളം അവസാനിച്ചാൽ സാധാരണ നടത്തം നടന്നു കൊണ്ട് മർവയിലേക്ക് കയറുക. അവിടെ നിന്നും കഅ്ബയിലേക്ക് തിരിഞ്ഞു കൈകൾ ഉയർത്തി സ്വഫായിൽ പറഞ്ഞത് പോലെ ചെയ്യുക. എന്നിട്ട് മർവായിൽ നിന്നും സ്വഫയിലേക്ക് ഇറങ്ങി നടക്കേണ്ട സ്ഥലത്ത് നടക്കുകയും ഓടേണ്ട സ്ഥലത്തു ഓടുകയും ചെയ്യുക. അങ്ങനെ സ്വഫയിൽ എത്തിക്കഴിഞ്ഞാൽ ആദ്യം ചെയ്തത് പോലെ ആവർത്തിക്കുക.
ഇത്പോലെ ഏഴു പ്രാവശ്യം ആവർത്തിക്കുക. (സ്വഫയിൽ നിന്നും മർവയിലേക്ക് - ഒന്ന്, മർവായിൽ നിന്നും സ്വഫയിലേക്ക് - രണ്ട് ....).

ഇപ്രകാരം ഏഴു പ്രാവശ്യമായി സഅ്യ് പൂർത്തിയാക്കിയാൽ പുരുഷന്മാർ തലമുടി വടിക്കുകയും സ്ത്രീകൾ അവരുടെ മുഴുവൻ മുടിയുടെയും അറ്റങ്ങളിൽ നിന്നും വിരൽത്തുമ്പു നീളത്തിൽ വെട്ടുകയും ചെയ്യേണ്ടതാകുന്നു. മുടി വടിക്കുമ്പോൾ തലയുടെ മുഴുവൻ ഭാഗങ്ങളിൽ നിന്നും വടിക്കേണ്ടതാണ്.

അത്പോലെതന്നെ മുടി മുറിക്കുമ്പോഴും, തലയുടെ മുഴുവൻ ഭാഗങ്ങളിൽ നിന്നും മുറിക്കണം. തല മുണ്ഡനം ചെയ്യുന്നതാണ് മുടി വടിക്കുന്നതിനേക്കാൾ ഉത്തമം. കാരണം പ്രവാചകൻ ﷺ മുണ്ഡനം ചെയ്തവർക്ക് വേണ്ടി മൂന്നു തവണയും മുറിച്ചവർക്ക് ഒരു തവണയുമാണ് പ്രാർത്ഥിച്ചത്. ഇതോടു കൂടി ഇഹ്റാമിൽ നിന്നും പരിപൂർണ്ണമായി തഹല്ലുലായി (മുക്തമായി). ഇതോടെ ഇഹ്റാമിൽ വിലക്കപ്പെട്ടതെല്ലാം അവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. തുന്നിയ വസ്ത്രം ധരിക്കുവാനും, സുഗന്ധം പൂശുവാനും, സ്ത്രീ സംസർഗ്ഗത്തിൽ ഏർപ്പെടുവാനും ഇനി അനുവാദമുണ്ട്.

## ഹജ്ജിന്റെ രൂപം

ദുൽ ഹജ്ജ് എട്ട്, അതായത് യൗമുത്തർവിയയിൽ ളുഹാ (പൂർവാഹ്ന) സമയത്ത്, ഹജ്ജ് ചെയ്യാൻ ഉദ്ദേശിച്ച സ്ഥലത്ത് നിന്നും ഇഹ്റാമിലേക്ക് പ്രവേശിക്കുക. ഹജ്ജിനു വേണ്ടി ഇഹ്റാം ചെയ്യുമ്പോൾ, ഉംറക്ക് ചെയ്തത് പോലെ തന്നെ കുളിക്കുകയും, സുഗന്ധം പൂശുകയും, നിസ്കരിക്കുകയും ചെയ്തുകൊണ്ട് തൽബിയത് ചൊല്ലി ഹജ്ജിന്റെ ഇഹ്റാമിലേക്ക് പ്രവേശിക്കുക. ഹജ്ജിന്റെ തൽബിയത് രൂപം ഉംറയുടേത് പോലെത്തന്നെയാണ്. ലബ്ബൈക്ക ഉംറതൻ (لبيك عمرة) എന്നതിന് പകരം ലബ്ബൈക്ക ഹജ്ജൻ (لبيك حجًّا) എന്നാണ് പറയേണ്ടത്.

ശേഷം മിനയിലേക്ക് പുറപ്പെടുകയും, അവിടെ നിന്ന് ളുഹ്ർ അസ്വർ, മഗ്‌രിബ്, ഇശാ ഫജ്ർ എന്നിവ അതാതിന്റെ സമയത്ത്

രിക്കുകയും ചെയ്യുക. കാരണം പ്രവാചകൻ ﷺ മിനായിൽ ജംആക്കാതെ, നാല് റക്അത്തുള്ള നിസ്കാരം രണ്ടാക്കി ചുരുക്കിയാണ് നിസ്കരിച്ചത്.

ദുൽഹിജ്ജ 9 ന് സൂര്യനുദിച്ച് കഴിഞ്ഞാൽ, മിനായിൽ നിന്നും അറഫയിലേക്ക് പോകണം. എന്നിട്ട് നമിറയിൽ ഇറങ്ങുകയും, സൂര്യൻ മധ്യത്തിൽ നിന്നും തെറ്റുന്നത് വരെ അവിടെ കഴിച്ചുകൂട്ടുകയും ചെയ്യുന്നത് സുന്നത്താണ്. സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിക്കഴിഞ്ഞാൽ ളുഹ്റും അസ്വ്റും രണ്ട് റക്അത് വീതമായി ചുരുക്കി ളുഹ്റിന്റെ സമയത്ത് തന്നെ മുന്തിച്ച് ജംആക്കി നിസ്കരിക്കുക. പ്രവാചകൻ ﷺ ഇപ്രകാരമാണ് ചെയ്തിട്ടുള്ളത്. അറഫയിൽ നിൽക്കാനും ദുആയിൽ മുഴുകുവാനും സമയ ദൈർഘ്യം ലഭിക്കുന്നതിനുവേണ്ടിയാണത്.

പിന്നീട് നിസ്കാരശേഷം ദിക്റിനും ദുആഇനും അല്ലാഹുവിലേക്ക് വിനയപ്പെടുന്നതിനും ഒഴിഞ്ഞുകൂടുക. ഇരുകൈകളും ഉയർത്തി ഖിബ്ലക്ക് അഭിമുഖമായി ഇഷ്ടമുള്ളതെല്ലാം ദുആ ചെയ്യുക. ദുആ ചെയ്യുമ്പോൾ അറഫാ മല തന്റെ പിന്നിലായാലും പ്രശ്നമില്ല, കാരണം ഖിബ്ലയെ അഭിമുഖീകരിക്കലാണ് സുന്നത്, പർവതത്തെ അഭിമുഖീകരിക്കലല്ല. പ്രവാചകൻ ﷺ പർവ്വതത്തിനടുത്ത് നിൽക്കുകയും ഇപ്രകാരം പറയുകയും ചെയ്തു.

"وَقَفْتُ هَاهُنَا، وَعَرَفَةُ كُلُّهَا مَوْقِفٌ، وَارْفَعُوا عَنْ بَطْنِ عُرَنَةَ" [رواه مسلم ١٢١٨].

(ഞാൻ ഇവിടെ നിന്നു. അറഫ മുഴുവൻ നിൽക്കാനുള്ള ഇടമാണ്. വാദി ഉർനയിൽ നിന്നും നിങ്ങൾ കയറി അറഫയിൽ നിൽക്കുക.)

ആ മഹത്വമേറിയ സന്ദർഭത്തിൽ, പ്രവാചകൻ ﷺ ഏറ്റവും

കൂടുതൽ അധികരിപിച്ച പ്രാർത്ഥന ഇപ്രകാരമായിരുന്നു.
"لَا إِلَهَ إِلَّا اللهُ، وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ".
(ആരാധനക്ക് അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാണ്. അവന് ഒരു പങ്കുകാരനും ഇല്ല. അവനാണ് എല്ലാ അധികാരവും. അവനാണ് സർവ്വസ്തുതികളും. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്).
അറഫയിൽ കഴിച്ചുകൂട്ടുന്നവർ അറഫാദിനം സൂര്യാസ്തമയം വരെ അതിന്റെ അതിർത്തി കടന്നു പോകുവാൻ പാടുള്ളതല്ല. കാരണം പ്രവാചകൻ ﷺ സൂര്യാസ്തമയം വരെ അറഫയിൽ ചിലവഴിക്കുകയും ഇപ്രകാരം അരുളുകയും ചെയ്തു: (لِتَأْخُذُوا عَنِّي مَنَاسِكَكُمْ) "നിങ്ങളുടെ ഹജ്ജ് കർമങ്ങൾ എന്നിൽ നിന്ന് സ്വീകരിക്കുവീൻ".

പെരുന്നാൾ ദിവസം പ്രഭാതോദയം വരെ നീണ്ടു നിൽക്കുന്നതാണ് അറഫയിലെ നിർത്തതിനുള്ള സമയം. പെരുന്നാൾ ദിനം പ്രഭാതോദയത്തിനു മുമ്പായി അറഫയിൽ ചിലവഴിക്കുവാൻ കഴിയാത്തവർക്ക് ഹജ്ജ് നഷ്ടപ്പെട്ടിരിക്കുന്നു.

അങ്ങനെ അറഫയുടെ ദിവസം സൂര്യൻ അസ്തമിച്ച ശേഷം മുസ്ദലിഫയിലേക്ക് പുറപ്പെടണം. അവിടെ എത്തിയാൽ മഗ്രിബും ഇശാഉം ഒരുമിച്ചു (ജംആക്കി) നിസ്കരിക്കേണ്ടതാണ്. ശേഷം മുസ്ദലിഫയിൽ രാപ്പാർക്കണം. പ്രഭാതമായാൽ ബാങ്കും ഇഖാമത്തും നിർവഹിച്ച് നേരത്തെ തന്നെ ഫജ്ർ നിസ്കരിക്കുക. ശേഷം, മുസ്ദലിഫയിലുള്ള പാറക്കല്ലായ 'മശ്അറുൽ ഹറാമിലേക്ക്' (അവിടെയാണ് ഇന്ന് മുസ്ദലിഫയിലെ പള്ളി സ്ഥിതി ചെയ്യുന്നത്) നീങ്ങുക, അവിടെ നിന്ന് അല്ലാഹു

വിനെ ഏകനാക്കുകയും, ഹംദ് ചൊല്ലുകയും, പ്രാർത്ഥനകൾ വർധിപ്പിക്കുകയും ചെയ്യുക. ഏറെ വെളുക്കുന്നത് വരെ ഇങ്ങനെ തുടരുക. ' മശ്അറുൽ ഹറാമിലേക്ക് ' പോകാൻ സാധിച്ചില്ലെങ്കിൽ തങ്ങളുള്ള സ്ഥലത്തു തന്നെ പ്രാർത്ഥനകളിലും മറ്റും ചിലവഴിക്കുക. നബി ﷺ പറയുന്നു:

(وَقَفْتُ هَاهُنَا، وَجَمْعٌ كُلُّهَا مَوْقِفٌ) [رواه مسلم ١٢١٨]

( ഞാൻ ഇവിടെ നിന്നു. മുസ്ദലിഫയിൽ എവിടെയും നിൽക്കാവുന്നതാണ് ). ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈ ഉയർത്തി പിടിച്ചുകൊണ്ടാണ് ദിക്റുകളും ദുആകളും നടത്തേണ്ടത്.

നേരം വെളുത്ത് സൂര്യൻ ഉദിക്കുന്നതിന് മുമ്പായി തന്നെ മിനായിലേക്ക് പുറപ്പെടുക. മുഹസ്സിർ താഴ്‌വര വേഗത്തിൽ മുറിച്ചു കടക്കുക. അങ്ങനെ മിനായിൽ എത്തിയാൽ മക്കയോട് ഏറ്റവും അടുത്തതും മിനായുടെ അവസാനത്തിലുള്ളതുമായ ജംറതുൽ അഖബയിൽ ഏഴു കല്ലുകൾ ഒന്നിന് പിറകെ ഒന്നായി എറിയുക. ഏകദേശം കാരക്ക കുരുവോളം വലിപ്പമുള്ള ചെറിയ കല്ലുകളായിരിക്കണം ഉപയോഗിക്കേണ്ടത്. ഓരോ കല്ലും, അല്ലാഹു അക്ബർ എന്ന് ചൊല്ലികൊണ്ട് എറിയുക.

കല്ലെറിയൽ കഴിഞ്ഞാൽ ബലിയറുക്കേണ്ടതാണ്. ശേഷം പുരുഷന്മാർ തല മുണ്ഡനം ചെയ്യുകയും സ്ത്രീകൾ തലമുടി മുറിക്കുകയും ചെയ്യണം. പിന്നീട് മക്കയിൽ ചെന്ന് ഹജ്ജിന്റെ ത്വവാഫും സഅ്‌യും നിർവഹിക്കുക. അതോടെ ആദ്യത്തെ തഹല്ലുൽ ആകും.

ഏറ്റവും സൂക്ഷ്മമായത് ഒന്നാമത്തെ തഹല്ലുലിനെ മുടി എടുക്കുന്നത് വരേക്കോ അല്ലെങ്കിൽ ത്വവാഫുൽ ഇഫാദ നിർവഹി-

ക്കുന്നത് വരേക്കോ പിന്തിപ്പിക്കലാകുന്നു.

ത്വവാഫും സഅ്യും ചെയ്തതിനു ശേഷം മിനായിലേക്ക് മടങ്ങി അവിടെ ദുൽഹിജ്ജ പതിനൊന്നിനും പന്ത്രണ്ടിനും രാപ്പാർത്ത്, പകലിൽ സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയതിന് ശേഷം മൂന്നു ജംറകളിലും കല്ലെറിയണം. കല്ലെറിയുവാൻ നടന്നു പോകുന്നതാണ് ഉത്തമം. ഇനി വാഹനം ഉപയോഗിച്ചാൽ അതിൽ തെറ്റില്ല. അങ്ങനെ മക്കയോട് ഏറ്റവും അകന്നതും മസ്ജിദുൽ ഖൈഫിനോട് അടുത്തുള്ളതുമായ ആദ്യത്തെ ജംറയിൽ നിന്നാണ് കല്ലെറിയൽ ആരംഭിക്കേണ്ടത്. അതിൽ ഏഴു കല്ലുകൾ തക്ബീർ ചൊല്ലിക്കൊണ്ട് ഒന്നിന് പിറകെ ഒന്നായി എറിയണം. ശേഷം അൽപം മുന്നോട്ടു നീങ്ങി (ഖിബ്ലക്ക് അഭിമുഖമായി) ദീർഘനേരം അവനിഷ്ടമുള്ളതെല്ലാം (അവൻ ഉദ്ദേശിക്കുന്നതെല്ലാം) പ്രാർത്ഥിക്കണം. ദീർഘനേരത്തെ നിർത്തവും പ്രാർത്ഥനയും പ്രയാസമാണെങ്കിൽ, അവർക്ക് കഴിയുന്നത്ര പ്രാർത്ഥിച്ചാൽ മതി. അവിടെയുള്ള പ്രവാചകചര്യ അനുകരിക്കുന്നതിന്റെ (അത് കുറച്ചാണെങ്കിലും) പ്രതിഫലം ലഭിക്കാനത്രെ അത്.

അതിനുശേഷം ജംറതുൽ വുസ്ത്വയിൽ ഏഴു കല്ലുകൾ ഒന്നിന് പിറകെ ഒന്നായി അല്ലാഹു അക്ബർ എന്ന് തക്ബീർ ചൊല്ലിക്കൊണ്ട് എറിയുക. ശേഷം, ഇടതുഭാഗത്തേക്ക് നീങ്ങി, ഖിബ്ലക്ക് അഭിമുഖമായി നിന്ന് കൈകൾ ഉയർത്തി സാധിക്കുകയാണെങ്കിൽ ദീർഘനേരം പ്രാർത്ഥിക്കുക.

അല്ലാത്തപക്ഷം എത്രെയാണോ സാധിക്കുന്നത് അത്രനേരം ദുആ ചെയ്ത് നിൽക്കുക. പ്രാർത്ഥനക്ക് വേണ്ടിയുള്ള ഈ നിർത്തം ഒഴിവാക്കൽ പാടുള്ളതല്ല, കാരണം അത് തിരുചര്യ-

യാകുന്നു.

ശേഷം ജംറതുൽ അഖബായിൽ ഏഴു കല്ലുകൾ ഒന്നിന് പിറകെ ഒന്നായി തക്ബീർ ചൊല്ലിക്കൊണ്ട് എറിയുക. ശേഷം ദുആ ചെയ്യാതെ പിരിഞ്ഞു പോരുക.

ദുൽഹിജ്ജ 12 നു ജംറകളിലെ ഏറു പൂർത്തിയായാൽ, ധൃതി-പ്പെട്ട് മടങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് മിനായിൽ നിന്നു ഇറ-ങ്ങിപ്പുറപ്പെടാവുന്നതാണ്. പിന്തുവാൻ ഉദ്ദേശിക്കുന്നവർ പതി-മൂന്നാം രാവിൽ മിനായിൽ രാപ്പാർക്കുകയും പതിമൂന്നിന് ഉച്ച-ശേഷം മൂന്നു ജംറകളിൽ മുൻവിവരിച്ചത് പ്രകാരം എറിയുക-യും വേണം. പതിമൂന്നിലേക്ക് പിന്തലാണ് ഏറ്റവും ശ്രേഷ്ഠമാ-യത്.

പന്ത്രണ്ടിന് മിനായിൽ ആയിരിക്കെ സൂര്യനസ്തമിച്ചാൽ പതി-മൂന്നാം രാവിൽ രാപ്പാർക്കൽ നിർബന്ധമാണ്. അപ്പോൾ, പതി-മൂന്നിന് ഉച്ചക്ക് ശേഷം മൂന്നു ജംറകളിൽ എറിയുന്നത് വരെ പിന്തൽ നിർബന്ധമാണ്.

ഇനി മക്കയിൽ നിന്നും തന്റെ സ്വദേശത്തേക്ക് മടങ്ങുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ വിടവാങ്ങൽ ത്വവാഫ് നിർവഹിക്കാ-തെ മക്കയിൽ നിന്നും പുറത്തുപോകുവാൻ പാടുള്ളതല്ല.

പ്രവാചകൻ ﷺ പറയുന്നു:

(لَا يَنْفِرْ أَحَدٌ حَتَّى يَكُونَ آخِرَ عَهْدِهِ بِالْبَيْتِ) [رواه مسلم]. وفي رواية: ( أُمر الناسُ أن يكون آخر عهدهم بالبيت، إلا أنه خُفف عن الحائض ) [البخاري ومسلم]

[തന്റെ അവസാനത്തെ ബന്ധം കഅ്ബയോട് ആകുന്നത് വരെ (വിടവാങ്ങൽ ത്വവാഫ് നിർവഹിക്കുന്നത് വരെ) ആരും (മക്ക വിട്ട് പിരിഞ്ഞു) പോകരുത്. (അഥവാ ഹജ്ജിൽ നിന്നും

പിരിഞ്ഞു പോകരുത്)] (മുസ്‌ലിം).
മറ്റൊരു റിപ്പോർട്ടിൽ: [കഅ്ബത്തിങ്കൽ വിടവാങ്ങൽ ത്വവാഫ് നിർവഹിക്കലാണ് അവസാന കർമ്മമെന്ന് ജനങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നു, എന്നാൽ ആർത്തവകാരികൾക്ക് ഇതിൽ ഇളവ് നൽകപ്പെട്ടിരിക്കുന്നു]. (ബുഖാരി, മുസ്‌ലിം)

## ഇഹ്റാമിൽ പാടില്ലാത്ത കാര്യങ്ങൾ:

ഹജ്ജിനും ഉംറക്കുമായി ഇഹ്റാമിൽ പ്രവേശിച്ചാൽ ചെയ്യാൻ പാടില്ലാത്ത ചില കാര്യങ്ങളുണ്ട്, അവ മൂന്നു വിധമാണ്.

1. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പാടില്ലാത്തത്
2. പുരുഷന്മാർക്ക് മാത്രം പാടില്ലാത്തത്
3. സ്ത്രീകൾക്ക് മാത്രം പാടില്ലാത്തത്

### സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പാടില്ലാത്തവ

1. മുടി മുണ്ഡനം ചെയ്തോ അല്ലാതെയോ തലമുടി നീക്കൽ.
2. കൈകാലുകളുടെ നഖം മുറിക്കൽ.
3. ഇഹ്റാമിൽ പ്രവേശിച്ചതിന് ശേഷം ശരീരത്തിലും വസ്ത്രത്തിലും മറ്റും സുഗന്ധം ഉപയോഗിക്കൽ.
4. നോട്ടം, സ്പർശനം തുടങ്ങിയ വികാര പ്രകടനങ്ങൾ
5. മാനുകൾ, മുയലുകൾ, പ്രാവുകൾ, വെട്ടുക്കിളികൾ പോലുള്ള കരജീവികളെ വേട്ടയാടൽ. കടൽ ജീവികളെ വേട്ടയാടുന്നത് അനുവദനീയമാണ്.
6. വിവാഹ കരാറിൽ ഏർപ്പെടൽ.
7. ലൈംഗിക വേഴ്ചയിൽ ഏർപ്പെടൽ.

**പുരുഷന്മാർക്ക് മാത്രമായി പാടില്ലാത്തവ:**

1. തുന്നിയ വസ്ത്രങ്ങൾ ധരിക്കൽ
2. തലപ്പാവ് കൊണ്ടോ മറ്റു വല്ലതും കൊണ്ടോ തല മറക്കൽ

**സ്ത്രീകൾക്ക് മാത്രമായി പാടില്ലാത്തവ:**

1. നിഖാബ് (മുഖാവരണം) ധരിക്കൽ
2. കൈയുറകൾ ധരിക്കൽ

## ഇഹ്റാമിൽ പാടിലാത്ത കാര്യങ്ങൾ ചെയ്താലു-ള്ള പ്രായശ്ചിത്തം:

തലമറക്കൽ, സുഗന്ധ ദ്രവ്യം ഉപയോഗിക്കൽ, ശരീരരോമം നീക്കം ചെയ്യൽ, കൈകാലുകളുടെ നഖങ്ങൾ വെട്ടൽ, പോലെ-യുള്ളവയുടെ പ്രായശ്ചിത്തം മൂന്ന് ദിവസം നോമ്പ് നോൽക്കു-കയോ, ആറ് സാധുക്കൾക്ക് ഭക്ഷണം നൽകുകയോ, ആടിനെ ബലിയറുക്കുകയോ (ഏതെങ്കിലും ഒന്ന്) ചെയ്യലാണ്.

വേട്ടയാടിയാൽ, കൊല്ലപ്പെടുന്ന മൃഗത്തിന് തുല്യമായതിന്റേ-യോ അതിനോട് സാദൃശ്യമായിട്ടുള്ളതിന്റെയോ മൂല്യം (വില) പണമായി നൽകലാണ്.

ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക പോലെയുള്ള കാര്യ-ങ്ങൾ ഹജ്ജിനെ അസാധുവാക്കുന്നു. അഥവാ ഹജ്ജ് സ്വീകാ-ര്യയോഗ്യമല്ലാത്തതാകുന്നു.

തുന്നിയ വസ്ത്രങ്ങൾ ധരിക്കുന്നതിന്റെയും, തല മറക്കുന്നതിന്റെയും മുടി മുറിക്കുന്നതിന്റെയും സുഗന്ധം ഉപയോഗിക്കുന്നതിന്റെയുമെല്ലാം പ്രായശ്ചിത്തം ചെയ്യുന്നതിൽ ഹാജിമാർക്ക് തിരഞ്ഞെടുക്കാവുന്നതാണ്. ഒന്നുകിൽ നോമ്പ് എടുത്തിട്ടോ ആറു സാധുക്കൾക്ക് ഭക്ഷണം നൽകിയോ ബലികർമ്മം നിർവഹിച്ചോ അത് നിറവേറ്റാവുന്നതാണ്.

വേട്ടയാടിയാൽ അതിന്റെ പകരമായി വേട്ടമൃഗത്തിന്റെ തുല്യമായ പണം നൽകുകയാണ് വേണ്ടത്. അല്ലാഹു സൂറത്തുൽ മാഇദയിൽ പരാമർശിക്കുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَقْتُلُواْ ٱلصَّيْدَ وَأَنتُمْ حُرُمٌۚ وَمَن قَتَلَهُۥ مِنكُم مُّتَعَمِّدًا فَجَزَآءٌ مِّثْلُ مَا قَتَلَ مِنَ ٱلنَّعَمِ يَحْكُمُ بِهِۦ ذَوَا عَدْلٍ مِّنكُمْ هَدْيًۢا بَٰلِغَ ٱلْكَعْبَةِ أَوْ كَفَّٰرَةٌ طَعَامُ مَسَٰكِينَ أَوْ عَدْلُ ذَٰلِكَ صِيَامًا لِّيَذُوقَ وَبَالَ أَمْرِهِۦۗ عَفَا ٱللَّهُ عَمَّا سَلَفَۚ وَمَنْ عَادَ فَيَنتَقِمُ ٱللَّهُ مِنْهُۚ وَٱللَّهُ عَزِيزٌ ذُو ٱنتِقَامٍ ﴿٩٥﴾ ﴾ [المائدة: ٩٥].

[സത്യവിശ്വാസികളേ, നിങ്ങൾ ഇഹ്റാമിലായിരിക്കെ മൃഗത്തെ വേട്ടയാടി കൊല്ലരുത്. നിങ്ങളിലൊരാൾ മനഃപൂർവ്വം അതിനെ കൊല്ലുന്ന പക്ഷം, അവൻ കൊന്നതിന് തുല്യമെന്ന് നിങ്ങളിൽ രണ്ടുപേർ തീർപ്പുകൽപിക്കുന്ന കാലിയെ (അഥവാ കാലികളെ) കഅ്ബത്തിങ്കൽ എത്തിച്ചേരേണ്ട ബലിമൃഗമായി നൽകേണ്ടതാണ്. അല്ലെങ്കിൽ പ്രായശ്ചിത്തമായി ഏതാനും അഗതികൾക്ക് ആഹാരം നൽകുകയോ, അല്ലെങ്കിൽ അതിന് തുല്യമായി നോമ്പെടുക്കുകയോ ചെയ്യേണ്ടതാണ്.അവൻ ചെയ്തതിന്റെ ഭവിഷ്യത്ത് അവൻ അനുഭവിക്കാൻ വേണ്ടിയാണിത്. മുമ്പ് ചെയ്തു പോയതിന് അല്ലാഹു മാപ്പുനൽകിയിരിക്കുന്നു. വല്ലവനും അത് ആവർത്തിക്കുന്ന പക്ഷം അല്ലാഹു അവന്റെ നേരെ

ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി കൈക്കൊള്ളുന്നവനുമാകുന്നു]. (അൽമാഇദ: 95).

## ഹജ്ജിന്റെ കർമങ്ങൾ ചുരുക്കത്തിൽ:

1. തമത്തുആയി ഹജ്ജ് ചെയ്യുന്നവർ ത്വവാഫും സഅയും നിർവഹിക്കൽ. അത്പോലെ ഹജ്ജ് മാത്രം ഉദ്ദേശിച്ച് ഇഹ്റാമിൽ പ്രവേശിച്ചവർ -മുഫ്രിദായി ഹജ്ജ് ചെയ്യുന്നവർ- ഹജ്ജിന്റെ സഅയ് നേരത്തെ തന്നെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ത്വവാഫുൽ ഖുദൂമിന്റെ കൂടെ നിർവഹിക്കൽ.

2. ദുൽഹിജ്ജ എട്ടിന് മിനായിൽ രാപ്പാർക്കൽ. ഇത് സുന്നത്തായ കർമമാണ്.

3. മിനായിൽ നിന്നും അറഫയിലേക്ക് പോകൽ. അറഫയിൽ നിൽക്കൽ ഹജ്ജിന്റെ റുക്നാണ്.

4. മുസ്ദലിഫയിൽ രാപ്പാർക്കൽ : പ്രഭാതോദയം വരെ ഇവിടെ ചിലവഴിക്കൽ നിർബന്ധമാണ്. തുടർന്ന് ജംറതുൽ അഖബയിൽ കല്ലെറിയലും, അവിടുന്ന് ചെയ്യേണ്ട മുൻവിവരിച്ച കർമ്മങ്ങളുമൊക്കെ നിർവഹിക്കുന്നതിനായി മിനായിലേക്ക് പുറപ്പെടൽ. അറവ്, കല്ലേറ്, മുടിയെടുക്കൽ, ത്വവാഫുൽ ഇഫാദ, ഹജ്ജിന്റെ സഅയ് എന്നീ കർമ്മങ്ങൾ ഇതിൽ പെടുന്നു.

5. അയ്യാമുത്തശ്‌രീഖിന്റെ (ദുൽഹിജ്ജ 11 ,12 ,13) ദിനങ്ങളിൽ ജംറകളിൽ കല്ലെറിയൽ.

6. ത്വവാഫുൽ വിദാഅ് നിർവഹിക്കൽ ഹജ്ജിന്റെ വാജിബുകളിൽ പെട്ടതാണ്. കാരണം, നബി ﷺ പറയുന്നു: "കഅ്ബയോടുള്ള ജനങ്ങളുടെ അവസാനത്തെ ബന്ധം ത്വവാഫ് ആയിരിക്കണം".

## ദുൽഹിജ്ജയിലെ ആദ്യ പത്ത് പുണ്യദിനങ്ങളിൽ ഹാജിമാർ അല്ലാത്തവർ ചെയ്യേണ്ട കർമ്മങ്ങൾ:

ഈ ദിനങ്ങൾ ദുൻയാവിലെ ഏറ്റവും മഹത്വമേറിയ ദിനങ്ങളാണെന്നും അതിലെ സദ്കർമ്മങ്ങൾ മറ്റു ദിവസങ്ങളേക്കാൾ ശ്രേഷ്ഠമാണെന്നും പ്രവാചകൻ ﷺ വിശദീകരിച്ചു.

«مَا الْعَمَلُ فِي أَيَّامٍ أَفْضَلَ مِنْهَا فِي هَذِهِ»، قالوا: ولا الجهادُ؟ قالَ: «وَلَا الْجِهَادُ، إِلَّا رَجُلٌ خَرَجَ يُخَاطِرُ بِنَفْسِهِ وَمَالِهِ، فَلَمْ يَرْجِعْ بِشَيْءٍ». [رواه البخاري (٩٦٩)]

(നബി ﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: കർമങ്ങൾ ഈ ദിവസങ്ങളിൽ ശ്രേഷ്ഠമായത്ര മറ്റൊരു ദിവസവും ഇല്ല. സ്വഹാബികൾ ചോദിച്ചു; ജിഹാദിനും ഈ മഹത്വം ഇല്ലേ? നബി ﷺ പറഞ്ഞു: ജിഹാദിനും ഇല്ല. എന്നാൽ ഒരു വ്യക്തി തന്റെ ശരീരവും സമ്പത്തും ഉപയോഗിച്ച് ശത്രുവിനോട് മത്സരം നടത്താൻ പുറപ്പെടുന്നു, ഒന്ന് കൊണ്ടും മടങ്ങാതിരിക്കുന്നു -അഥവാ രക്തസാക്ഷിയാകുന്നു- അങ്ങനെയുള്ള വ്യക്തിയൊഴികെ). (ബുഖാരി: 969).

സർവശക്തനായ അല്ലാഹു ഈ ദിനങ്ങളെ കൊണ്ട് സത്യം ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു: ﴿وَالْفَجْرِ ۝١ وَلَيَالٍ عَشْرٍ ۝٢﴾ [പ്രഭാതം തന്നെയാണ് സത്യം. പത്തു രാത്രികൾ തന്നെയാണ് സത്യം]. (അൽഫജ്ർ: 1,2).

പുണ്യമേറിയ ഈ ദിനങ്ങളിൽ ഒരു മുസ്‌ലിം ചെയ്തിരിക്കേണ്ട ഒട്ടേറെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രവാചകൻ ﷺ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്.

**സദ്കർമങ്ങൾ വർദ്ധിപ്പിക്കുക.**

ഹാഫിള് ഇബ്നു ഹജർ ؒ പറയുന്നു: നിസ്കാരം, നോമ്പ്, ദാനധർമം, ഹജ്ജ് എന്നീ സുപ്രധാനമായ ആരാധനാകർമങ്ങൾ ഒരേ സമയം സമ്മേളിക്കുന്ന മാസമാണ് ദുൽഹിജ്ജ എന്നതിനാൽ ഈ മാസത്തിലെ ആദ്യ പത്ത് ദിനങ്ങൾ മറ്റ് മാസങ്ങളിലേതിനേക്കാൾ ശ്രേഷ്ടതയുള്ളതാണ്. ഈ കർമങ്ങളെല്ലാം ഒത്ത്ചേരുക എന്നത് മറ്റുമാസങ്ങളിൽ സംഭവിക്കുന്നില്ല. അതിനാൽ ഈ ദിവസങ്ങളിൽ സദ്കർമങ്ങൾ അധികരിപ്പിക്കുക.

**ഈ പത്ത് ദിനങ്ങളിൽ നോമ്പ് അനുഷ്ഠിക്കൽ.**

വളരെയധികം പ്രോത്സാഹിപ്പിക്കപ്പെട്ട ഒരു കാര്യമാണിത്. സദ്കർമങ്ങളിൽ മികച്ചതായത് കൊണ്ടത്രേ അത് എന്ന് ഇമാം നവവി ؒ പ്രസ്താവിച്ചിരിക്കുന്നു.

**ഹാജിമാരല്ലാത്തവർക്കുള്ള അറഫാ ദിനത്തിലെ നോമ്പ്.**

«صِيَامُ يَوْمِ عَرَفَةَ؛ إِنِّي أَحْتَسِبُ عَلَى اللهِ أَنْ يُكَفِّرَ السَّنَةَ الَّتِي قَبْلَهُ وَالسَّنَةَ الَّتِي بَعْدَهُ». [رواه مسلم (١١٦٢)].

നബി ﷺ പറഞ്ഞു: (അറഫാ ദിനത്തിലെ നോമ്പ് അതിന്റെ മുമ്പും ശേഷമുള്ള ഓരോ വർഷത്തെ (ചെറു) പാപങ്ങൾ മായ്ച്ചു കളയുമെന്ന് അല്ലാഹുവിൽ ഞാൻ പ്രതീക്ഷ വെക്കുന്നു). (മുസ് ലിം).

**തക്ബീറും തഹ്മീദും തഹ്‌ലീലും വർദ്ധിപ്പിക്കുക.**

عن ابن عمر رضي الله عنه مرفوعًا: «مَا مِنْ أَيَّامٍ أَعْظَمُ عِنْدَ اللهِ وَلَا أَحَبُّ إِلَيْهِ الْعَمَلُ فِيهِنَّ مِنْ هَذِهِ الْأَيَّامِ الْعَشْرِ؛ فَأَكْثِرُوا فِيهِنَّ مِنَ التَّهْلِيلِ وَالتَّكْبِيرِ وَالتَّحْمِيدِ». [رواه أحمد (٥٤٤٦)].

ഇബ്നു ഉമർ ﷺ വിൽ നിന്നും നിവേദനം; (ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ) പത്ത് ദിനങ്ങളെക്കാൾ അല്ലാഹുവിന്റെ അടുക്കൽ ശ്രേഷ്ഠമായതോ ഈ പത്ത് ദിവസങ്ങളിലുള്ള കർമ്മങ്ങളെക്കാൾ അല്ലാഹുവിന് ഇഷ്ടമുള്ള കർമങ്ങളോ വേറെ ഇല്ല. അതുകൊണ്ട് നിങ്ങൾ ഈ ദിവസങ്ങളിൽ തക്ബീറും (അല്ലാഹു അക്ബർ) തഹ്‌ലീലും (ലാഇലാഹ ഇല്ലല്ലാഹു) തഹ്മീദും (അൽഹംദുലില്ലാ) വർദ്ധിപ്പിക്കുക. [അഹ്മദ്: 5446].

അറഫാദിനം പ്രഭാതം മുതൽ അയ്യാമുത്തശ്‌രീഖിന്റെ അവസാന ദിവസം (ദുൽഹിജ്ജ 13) അസ്വ്ർ വരെയാണ് തക്ബീർ ചൊല്ലുവാനുള്ള സമയം എന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ഇതിന് 'അത്തക്ബീറുൽ മുഖയ്യദ്' എന്നാണ് പറയുക.

നിർബന്ധ നിസ്കാരങ്ങൾ സംഘടിതമായി നിർവഹിച്ച ശേഷം തക്ബീർ ചൊല്ലൽ സുന്നത്താണ്. ദുൽഹിജ്ജ മാസം തുടങ്ങുന്നത് മുതൽ അയ്യാമുത്തശ്‌രീഖിന്റെ അവസാന ദിവസത്തിലെ സൂര്യാസ്തമയം വരെ പൊതുവായി തക്ബീർ (അത്തക്ബീറുൽ മുത്വ്‌ലഖ്) വർധിപ്പിക്കേണ്ടതാണ്. പ്രത്യേകിച്ച് പെരുന്നാൾ നിസ്കാരത്തിനു പുറപ്പെടുമ്പോഴും മറ്റു സമയങ്ങളിലുമെല്ലാം തന്നെ തക്ബീർ ധാരാളമായി ചൊല്ലുക.

**പ്രാർത്ഥന :**

ഈ പത്ത് മഹത്വമേറിയ ദിനങ്ങളിൽ പ്രാർത്ഥനയിൽ മുഴുകുക. പ്രത്യേകിച്ചും അറഫാ ദിനത്തിൽ. അല്ലാഹു പറയുന്നു:

﴿وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾﴾ [البقرة ١٨٦].

[നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്]. (അൽബഖറ: 186).

﴿وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾﴾ [غافر ٦٠]

[നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെഅഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച]. (അൽഗാഫിർ: 60)

നബി ﷺ പറയുന്നു:

«مَا مِنْ يَوْمٍ أَكْثَرَ مِنْ أَنْ يُعْتِقَ اللهُ فِيهِ عَبْدًا مِنَ النَّارِ، مِنْ يَوْمِ عَرَفَةَ، وَإِنَّهُ لَيَدْنُو، ثُمَّ يُبَاهِي بِهِمُ الْمَلَائِكَةَ، فَيَقُولُ: مَا أَرَادَ هَؤُلَاءِ؟». [رواه مسلم ١٣٤٨].

(അറഫാ ദിനത്തേക്കാൾ അല്ലാഹു തന്റെ അടിമകളെ നരകത്തിൽ നിന്നും മോചിപ്പിക്കുന്ന മറ്റൊരു ദിവസം ഇല്ല. നിശ്ചയമായും അല്ലാഹു അടുത്തുവരും. ശേഷം മലക്കുകളോട് ആളുകളെ കുറിച്ച് അഭിമാനം പറയും. അല്ലാഹു ചോദിക്കും ഈ ആളുകൾ എന്താണ് ഉദ്ദേശിക്കുന്നത്). (മുസ്ലിം: 1348).

**ഉളുഹിയത് അറുക്കൽ.**

ഇത് ബലപ്പെട്ട സുന്നത്താണ്. ഇബ്നു ഖുദാമ അദ്ദേഹത്തിന്റെ 'മുഗ്നി' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പരാമർശിക്കുന്നു: "നമ്മുടെ പിതാവായ ഇബ്രാഹീം ﵇ യുടെ മാതൃകയും, നമ്മുടെ പ്രവാചകൻ മുഹമ്മദ് ﷺ യുടെ ചര്യയും പിൻപറ്റിക്കൊണ്ട് ഉളുഹിയത് എന്ന കർമ്മം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്ന് മുസ്ലിം സമുദായത്തിലെ പണ്ഡിതന്മാർ ഒന്നടങ്കം ഏകീകരിച്ച കാര്യമാകുന്നു". ഉളുഹിയത് ഉദ്ദേശിക്കുന്നവർ അവരുടെ മുടിയോ നഖമോ ഈ ദിവസങ്ങളിൽ നീക്കം ചെയ്യാൻ പാടുള്ളതല്ല.

## മസ്ജിദുന്നബവി സന്ദർശനം

ഇസ്ലാം നിശ്ചയിച്ച ഒരു കർമ്മമാണ് നമ്മുടെ പ്രവാചകൻ ﷺ യുടെ പള്ളി സന്ദർശിക്കുക എന്നത്. നബി ﷺ പറയുന്നു:

«لَا تُشَدُّ الرِّحَالُ إِلَّا إِلَى ثَلَاثَةِ مَسَاجِدَ: الْمَسْجِدِ الْحَرَامِ، وَمَسْجِدِي هَذَا، وَالْمَسْجِدِ الْأَقْصَى». [رواه البخاري ومسلم].

(നബി ﷺ പറഞ്ഞിരിക്കുന്നു: മൂന്ന് പള്ളികളിലേക്ക് അല്ലാതെ യാത്ര കെട്ടി പുറപ്പെടുക പാടുള്ളതല്ല. മസ്ജിദുൽഹറാം, എന്റെ ഈ പള്ളി (മസ്ജിദുന്നബവി), മസ്ജിദുൽ അഖ്സ്വാ (എന്നിവയാകുന്നു ആ മൂന്നു പള്ളികൾ)). (ബുഖാരി, മുസ്ലിം).

അതിനാൽ, ഹാജിമാർക്കും അല്ലാത്തവർക്കും ഹജ്ജിനു മുമ്പോ ശേഷമോ മസ്ജിദുന്നബവി സന്ദർശിക്കൽ മതപരമാണ്. റൗളാ ശരീഫിൽ (നബി ﷺ യുടെ വീടിനും മിമ്പറിനും ഇടയിലുള്ള സ്ഥലം) നിസ്കരിക്കുവാനും, പ്രവാചകൻ ﷺ യുടെയും നബി ﷺ യുടെ സഹചാരികളായ അബൂബക്കർ ؓ, ഉമർ ؓ എന്നിവരുടെയും ഖബർ സന്ദർശിച്ച് സലാം പറയുവാനും, ഖുബാ പള്ളി സന്ദർശിച്ച് നിസ്കരിക്കുവാനും, ബഖീഇലും, ഉഹ്ദ് രക്തസാക്ഷികളുടെ ഖബറിടങ്ങൾ സിയാറത്ത് ചെയ്യുവാനും സന്ദർശകർ താല്പര്യം കാണിക്കൽ അനിവാര്യമാണ്. കാരണം അതിലെല്ലാം പ്രവാചകൻ ﷺ യുടെ ചര്യയുണ്ട്.

ഹാജിമാരുടെ സേവനം പ്രഥമ വിഷയമാക്കുകയും മുഖ്യ പരിഗണയിലെടുക്കുകയും ചെയ്ത ഭരണാധികാരികൾക്ക് വേണ്ടി ദുആ ചെയ്യുവാൻ നിങ്ങൾ മറക്കരുത്.

അവരുടെയും നമ്മുടെയും പ്രവർത്തനങ്ങൾക്കെല്ലാം അല്ലാഹു ഏറ്റവും ഉത്തമമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

രചന:
ശൈഖ് ഡോ: അബ്ദുല്ലത്വീഫ് ബിൻ അബ്ദുൽഅസീസ്
ബിൻ അബ്ദുറഹ്മാൻ ആലുശൈഖ്
ഇസ്ലാമിക മതകാര്യവകുപ്പ് മന്ത്രി.

## ഉള്ളടക്കം


ആമുഖം........................................................................ 1

ഹജ്ജിന്റെ ലക്ഷ്യവും, യുക്തിയും.............................. 3

ഹജ്ജിന്റെ റുക്നുകൾ................................................... 4

ഹജ്ജിന്റെ വാജിബാത്തുകൾ....................................... 5

തീർത്ഥാടകർ ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുമ്പ് അനിവാര്യമായി സ്വീകരിക്കേണ്ട കാര്യങ്ങൾ................ 5

മീഖാത്തുകൾ.............................................................. 7

ഹജ്ജിന്റെ ഇനങ്ങൾ................................................... 8

ഉംറയുടെ രൂപം.......................................................... 9

ഹജ്ജിന്റെ രൂപം......................................................... 15

ഇഹ്റാമിൽ പാടില്ലാത്ത കാര്യങ്ങൾ............................ 21

ഇഹ്റാമിൽ പാടിലാത്ത കാര്യങ്ങൾ ചെയ്താലുള്ള പ്രായശ്ചിത്തം.............................................................. 22

ഹജ്ജിന്റെ കർമങ്ങൾ ചുരുക്കത്തിൽ.......................... 24


ദുൽഹിജ്ജയിലെ ആദ്യ പത്ത് പുണ്യദിനങ്ങളിൽ ഹാജിമാർ അല്ലാത്തവർ ചെയ്യേണ്ട കർമ്മങ്ങൾ............ 25

മസ്ജിദുന്നബവി സന്ദർശനം....................................... 29

مناسك الحج والعمرة

# ഹജ്ജ്, ഉംറ

## അനുഷ്ഠാന കർമ്മങ്ങൾ





كتبه معالي الشيخ الدكتور

عبد اللطيف بن عبد العزيز بن عبد الرحمن آل الشيخ

മലയാളം - مليباري

Second Edition 1445 H